STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.568/PR/SPMC/PHQ/2021 Date :17.12.2021

## സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിൽ

## പോലീസിന്റെ പങ്ക് പ്രശംസനീയമെന്ന് മന്ത്രി ആന്റണി രാജു

വിദൂരസ്ഥലങ്ങളിൽ നിന്ന് ഓൺലൈനായി കുറ്റകൃത്യം നടത്തുന്നവരെ പിടികൂടാൻ ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്ന പോലീസിൻെറ കഴിവ് പ്രശംസനീയമാണെന്ന് മന്ത്രി ആന്റണിരാജു പറഞ്ഞു. ഇത്തരം അതിക്രമങ്ങളുടെ പിന്നിൽ പ്രവർത്തിക്കുന്നവരെ കണ്ടെത്താൻ പോലീസിൻെറ വിവിധ സൈബർ വിഭാഗങ്ങൾ നടത്തുന്ന ശ്രമങ്ങളേയും അദ്ദേഹം പ്രകീർത്തിച്ചു. കേരള പോലീസ് സൈബർഡോം തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഡ്രോൺ ഹാക്കത്തോണിൽ മുഖ്യാതിഥിയായി പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മറ്റ് സംസ്ഥാനങ്ങളിലെ പോലീസ് സേനയിൽ മികച്ച സാങ്കേതികവിദ്യ നടപ്പിലാക്കുന്നതിന് മുൻപുതന്നെ കേരളത്തിൽ അത് നടപ്പിലാക്കാൻ പോലീസിന് കഴിഞ്ഞു. അതിൻെറ ഫലമായി സൈബർ കുറ്റകൃത്യങ്ങൾ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. അടുത്തയുഗത്തിലെ സാങ്കേതികവിദ്യയായ ഡ്രോൺ മേഖലയിൽ പൊലീസ് നടത്തുന്ന പ്രവർത്തനങ്ങൾ മികച്ച ചുവടുവെയ്പ്പാണെന്ന് അദ്ദേഹം പറഞ്ഞു.

അഞ്ചു വിഭാഗങ്ങളിലായി നടത്തിയ ഹാക്കത്തോണിൽ 43 ടീമുകൾ മത്സരിച്ചു. സർവൈലൻസ് ആന്റ് ഡ്രോൺ ഡവലപ്മെന്റ് വിഭാഗത്തിൽ ഗിരീഷ്.എൻ, വിജു രാജു എന്നിവർ ഒന്നാം സ്ഥാനം നേടി. ടീം എ.എക്സ്.എൽ ഡ്രോണിനാണ് രണ്ടാം സ്ഥാനം. ഹിന്റൻ ബർഗ്, മോനായി കുഞ്ഞായി, ആത്മേഗ റോബോട്ടിക്സ് എന്നീ ടീമുകൾ ഈ വിഭാഗത്തിൽ ജൂറിയുടെ പ്രത്യേക പരാമർശത്തിന് അർഹരായി. എൻഡുറൻസ് ഡ്രോൺ/ ഹെവി ലിഫ്റ്റ് ഡ്രോൺ ഡെവലപ്മെന്റ് വിഭാഗത്തിൽ ടീം സൂപ്പർ ടെക്, ടീം ഡി ഡ്രോൺ എന്നിവർ യഥാക്രമം ഒന്നും രണ്ടും സ്ഥാനം നേടി. ടീം റാഡിക്കൽ മെക്കാനിസം ഈ വിഭാഗത്തിൽ പ്രത്യേകം പരാമർശിക്കപ്പെട്ടു. നാനോ ഡ്രോൺ ഡെവലപ്മെന്റ് വിഭാഗത്തിൽ ടീം ഫ്ളാറ്റോനോമേഴ്സ് ഒന്നും ടീം ഷേർ ലാബ്സ് രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി. ആന്റി ഡ്രോൺ സൊലൂഷൻ ഡെവലപ്മെന്റ് വിഭാഗത്തിൽ

ടീം തോമസ് എയ്റോ പ്രത്യേക പരാമർശത്തിന് അർഹരായി. ഡ്രോൺ ഫോറൻസിക് സൊലൂഷൻ ഡെവലപ്മെന്റ് വിഭാഗത്തിൽ ടീം ഡിജിറ്റൽ ഡിറ്റക്ടീവ്സ് ജൂറിയുടെ പ്രത്യേക പരാമർശം നേടി.

അനിൽകുമാർ.കെ.വി, ഡോ.പ്രിയ.പി.സാജൻ, വിഷ്ണു.എസ്, ബിജുമോൻ.ഇ.എസ്, വിഷ്ണു.വി.നാഥ്, അനി സാം വർഗീസ്, നിബിൻ പീറ്റർ, റീജ റഹീം, സുനിൽ പോൾ, സുനിൽകുമാർ.എ.യു, അഖിൽ പുതുശ്ശേരി, ജോജി ജോൺ വർഗീസ് എന്നിവരായിരുന്നു ജൂറി അംഗങ്ങൾ.

സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത്, എഡിജിപിയും സൈബർഡോം നോഡൽ ഓഫീസറുമായ മനോജ് എബ്രഹാം, ഐ.ജി ഹർഷിത അട്ടല്ലൂരി, ഡി.ഐ.ജിയും സൈബർഡോം ഡെപ്യൂട്ടി നോഡൽ ഓഫീസറുമായ പി.പ്രകാശ്, എസ്.പി ദിവ്യ.വി.ഗോപിനാഥ്, ഡ്രോൺ ഹാക്കത്തോണിലെ മത്സരാർത്ഥികൾ, സാങ്കേതിക വിദഗ്ധർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. വിവിധതരം ഡ്രോണുകളുടെ പ്രദർശനവും എയർഷോയും സംഘടിപ്പിച്ചിരുന്നു.

**<u>ഫോട്ടോക്യാപ്ഷൻ:</u>**

1. തിരുവനന്തപുരത്ത് പോലീസ് ഡ്രോൺ ഹാക്കത്തോൺ വേദിയിൽ നടത്തിയ ഡ്രോണുകളുടെ പ്രദർശനം മന്ത്രി ആന്റണി രാജു വീക്ഷിക്കുന്നു. സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത്, എ.ഡി.ജി.പി മനോജ് എബ്രഹാം എന്നിവർ സമീപം.

2. തിരുവനനന്തപുരത്ത് സമാപിച്ച പോലീസിന്റെ ഡ്രോൺ ഹാക്കത്തോണിലെ വിജയികൾക്ക് മന്ത്രി ആന്റണി രാജു പുരസ്കാരം കൈമാറുന്നു. സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത്, എ.ഡി.ജി.പി മനോജ് എബ്രഹാം, ഡി.ഐ.ജി പി.പ്രകാശ് എന്നിവർ സമീപം.

**********************************